**പതിനാലാം കേരള നിയമസഭ**

ഏഴാം സമ്മേളനം സമ്മേളനം

## ഔഷധ സസ്യങ്ങൾക്കു സംരക്ഷണം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. T 3173 | 21-08-2017-ൽ മറുപടിക്ക്

ചോദ്യം | മറുപടി

| ശ്രീ. പാറക്കൽ അബ്ദുല്ല | | ഡോ. കെ.ടി. ജലീൽ (തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പു മന്ത്രി) | |
|---|---|---|---|
| (എ) | അമൂല്യങ്ങളായ ഔഷധ സസ്യങ്ങൾ നശിക്കുന്നതിന് തൊഴിലുറപ്പ് പദ്ധതി കാരണമാകുന്നുണ്ടോ; | (എ) | ഇല്ല. |
| (ബി) | അടിക്കാടുകൾ വെട്ടിക്കളയുന്നതോടെ നാടിന്റെ സസ്യസമ്പത്ത് നഷ്ടപ്പെടാൻ സാധ്യതയുള്ളതായി കരുതുന്നുണ്ടോ; | (ബി) | അടിക്കാട് വെട്ടിക്കളയുന്ന പ്രവൃത്തികൾ തൊഴിലുറപ്പ് പദ്ധതി പ്രകാരം ഏറ്റെടുക്കുന്നത് സംസ്ഥാന തൊഴിലുറപ്പ് മിഷന്റെ പ്രത്യേക സർക്കുലറിലൂടെ വിലക്കിയിട്ടുണ്ട്. |
| (സി) | എങ്കിൽ പദ്ധതി അനുസരിച്ചുള്ള എല്ലാ പ്രവൃത്തികളും പരിസ്ഥിതി പുനരുജ്ജീവനത്തിന് ഉതകുന്നതായിരിക്കണമെന്ന നിർദ്ദേശം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകിയോ ; | (സി) | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 സാമ്പത്തിക വർഷം ഏറ്റെടുക്കേണ്ട പ്രവൃത്തികളുടെ 60% എങ്കിലും പ്രകൃതി വിഭവ പരിപാലനത്തിലൂടെ കൃഷിയുടെ അഭിവൃദ്ധിക്ക് ഉതകുന്ന പ്രവൃത്തികൾ ആയിരിക്കണമെന്ന് 2017-ലെ ആന്വൽ മാസ്റ്റർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം ഏറ്റെടുത്തിട്ടുള്ള 91.26% പ്രവൃത്തികളും നടപ്പു സാമ്പത്തിക വർഷത്തിൽ ഏറ്റെടുത്തിട്ടുള്ള 87.2% പ്രവൃത്തികളും ഇത്തരത്തിലുള്ള പ്രവൃത്തികളാണ്. |
| (ഡി) | പദ്ധതി പ്രകാരം ജോലി ചെയ്യുന്നവർക്ക് ഔഷധസസ്യങ്ങളെ തിരിച്ചറിയുന്നതിനുള്ള പരിശീലനം നൽകി അവയെ സംരക്ഷിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (ഡി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ